No: 85/Est/2017

**തദ്ദേശ-സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ കാര്യാലയം, തിരുവനന്തപുരം.**
**ചീഫ് എൻജിനീയറുടെ നടപടിക്രമം**
**(ഹാജർ - ശ്രീ. പി. ആർ. സജികുമാർ)**

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - ജീവനക്കാര്യം - വിവരാവകാശ നിയമം 2005-ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നത്.

സൂചന:-
1. വിവരാവകാശ നിയമം 2005-സർക്കാർ സർക്കുലർ നം.77000/സി.ഡി. എൻ.5/06/പൊ.ഭ.വ തീയതി, 30.10.2006.
2. 02.12.2016-ാം തീയതിയിലെ ഇതേ നം. ഓഫീസ് ഉത്തരവ്

**ഉത്തരവ് നമ്പർ ഇ8/7856/15/സിഇ/തസ്വഭവ തീയതി: 12.07.2017**

01.01.2008-ൽ തദ്ദേശസ്വയംഭരണ വകുപ്പ് (എഞ്ചിനീയറിംഗ് വിഭാഗം) രൂപീകൃതമായപ്പോൾ പരിമിതമായ ഔദ്യോഗിക സംവിധാനത്തോടുകൂടി ആയിരുന്നു ഓഫീസ് പ്രവർത്തനമാരംഭിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സമയത്ത് നിലവിലുണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് വിവിധ ജോലികളും ഉത്തരവാദിത്തങ്ങളും നൽകി ഉത്തരവായിട്ടുള്ളതാണ്. നിലവിൽ ഈ വകുപ്പിലേക്കും, ഈ ഓഫീസിലേക്കും വിവിധ സൂപ്പർവൈസറി തസ്തികൾ ആവശ്യമായ ഔദ്യോഗിക പദവികൾ സർക്കാർ അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ജോലികൾ ക്രമീകരിച്ച് സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുന്നതിനും നടപടികൾ ആവശ്യമാണെന്ന് കാണുന്നു. ഈ ഓഫീസ് സംബന്ധമായ വിവരാവകാശ നിയമ പ്രകാരം നിലവിലുള്ള വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും, സൂചന (2)-ലെ ഉത്തരവ് ഇതിനാൽ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| **അപ്പലേറ്റ് അതോറിറ്റി** | : | **ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ** | : | **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ** |
| **അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ -I (ടെക്നിക്കൽ)** | : | **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ** |
| **അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ -II (മിനിസ്റ്റീരിയൽ)** | : | **സീനിയർ സൂപ്രണ്ട്.** |

ടി ഉത്തരവ് പ്രകാരം ഈ കാര്യാലയത്തിലെ, ശ്രീ.കെ. ബാലകൃഷ്ണൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അപ്പലേറ്റ് അതോറിറ്റിയായും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി. ബിന്ദു.കെ.എസ് ( അണ്ടർ സെക്രട്ടറി, ഗവ. സെക്രട്ടറിയേറ്റ്) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും പ്രവർത്തിക്കേണ്ടതാണ്.

**ചീഫ് എൻജിനീയർ**

S 1111